**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5023** **20-07-2022 - ൽ മറുപടിയ്ക്ക്**

**തൃക്കരിപ്പൂർ മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനി, തിമിരി എന്നീ വില്ലേജുകളിൽ നിലവിൽ എത്ര അപേക്ഷകർക്കാണ് ഇനിയും പട്ടയം ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഹോസ്ദുർഗ് താലൂക്കിലെ ചീമേനി വില്ലേജിൽ ശ്രീ.ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളി, പെരിയാർ &പെരിക്കണ്ണി റബ്ബർ ലിമിറ്റഡ് എന്നവരിൽ നിന്നും ഏറ്റെടുത്ത മിച്ചഭൂമിയിലെ കൈവശക്കാരുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് 17/05/2010-ലെ സ.ഉ.(കൈ.)175/2010/റവ, 28/01/2016-ലെ ജി.ഒ.(എം.എസ്) 62/2016/റവന്യൂ എന്നീ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതിൽ കൈവശക്കാരുടെ അവരുടെ അർഹത പരിഗണിച്ച് (A),(B),(C),(D),(E) എന്നിങ്ങനെ തരംതിരിച്ചിരുന്നു. മിച്ചഭൂമി പതിച്ചുകിട്ടാൻ അർഹത ഇല്ലാത്തവരാണ് (D)വിഭാഗത്തിൽപ്പെടുന്നത്. സ.ഉ.(കൈ.)175/2010/റവ. ഉത്തരവിൽ ഉൾപ്പെടുന്ന എല്ലാവർക്കും പട്ടയം ലഭിച്ചു. എന്നാൽ 28.01.2016-ലെ ജി.ഒ.(എം.എസ്) 62/2016/റവന്യൂ ഉത്തരവിലെ (D) വിഭാഗത്തിൽ ഉൾപ്പെടുന്ന 34 പേർ കമ്പോള വില അടയ്ക്കാത്തതിനാൽ അവർക്ക് ഭൂമി പതിച്ചു നൽകിയിട്ടില്ല. മേൽ രണ്ട് ഉത്തരവുകളിലും ഉൾപ്പെടാത്ത 18 കൈവശക്കാരുടെ പട്ടയത്തിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. തിമിരി വില്ലേജിൽ ഏറ്റെടുത്ത മിച്ചഭൂമി പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | തിമിരി വില്ലേജിൽ അകാല കൈമാറ്റം നടത്തി മിച്ചഭൂമി വാങ്ങിയവരുടെ നികുതി സ്വീകരിക്കാത്ത എത്ര അപേക്ഷകൾ ഇനിയും ഉണ്ടെന്ന വിവരം ലഭ്യമാക്കാമോ? | (ബി) | തിമിരി വില്ലേജിൽ അകാല കൈമാറ്റം നടത്തി മിച്ചഭൂമി വാങ്ങിയ 66 പേരിൽ നിന്നും നികുതി സ്വീകരിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ